# HAAMLPS MADU
# ACADEMIC MASTER PLAN
## ക്ലാസ്സ് തലം - 2025-26



# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് -1

2025-26

# മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവിന്റെയും ലക്ഷ്യം വെക്കുന്നത്. എഴുത്ത് വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ഉദ്ദേശിക്കുന്നത്. ഈ വർഷം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും നിരന്തര പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ഉചിതമായ ബാലസാഹിത്യകൃതികൾ വായിച്ച്

ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക

2. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങൾ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടിയെന്ന് ഉറപ്പ് വരുത്തുക

3. തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക

4. കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷേമവും ഉറപ്പാക്കുക

## പ്രവർത്തന പദ്ധതി

### ജൂൺ

- ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു
- രക്ഷിതാക്കൾക്ക് കഥ പറയാൻ പരിശീലനം
- ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതുന്നു

### ജൂലൈ

- ടീച്ചർ കഥാപുസ്തകങ്ങളെ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.
- വീട്ടുവായന - രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു
- കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.
- ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.
- കഥ ശില്പശാല
- ചിത്രകാർഡുകൾ, വാക്യങ്ങൾ, നിർമ്മാണ ശില്പശാല
- ഡിജിറ്റൽ സാധ്യതകളിലൂടെ കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുള്ള സാധ്യതകൾ ഒരുക്കൽ

ആഗസ്റ്റ്

- തിയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കൽ.
- കഥകളുടെ പുനരാവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെ സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം.
- കുട്ടികളെ വായിച്ചുകേൾപ്പിക്കുന്നതിനാവശ്യമായ വായനകാർഡുകളുടെ വിതരണം.

സെപ്റ്റംബർ

- ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.
- ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പെഴുതൽ

- ചിത്രവായന കാർഡുകൾ തയ്യാറാക്കൽ
- കൂട്ടവായന - കുട്ടികളൊരുമിച്ച് പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.

ഒക്ടോബർ

- ലളിതമായ വായനകാർഡുകൾ സഹായത്തോടെ വായിക്കുന്നു.
- വേദികളിൽ സ്വതന്ത്രമായി കഥ പറയൽ
- ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിക്കുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കുന്നു.

## നവംബർ

- ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.
- കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം
- നാട്ടുവായന - കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു.

## ഡിസംബർ

- ഭാഷാ പിരിയഡുകളിൽ തനിയെ നിർമ്മിത കഥകൾ വായിക്കൽ

## ജനുവരി

- ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.
- വായനകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.

## ഫെബ്രുവരി

- ചെറിയ ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.
- കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.

## മാർച്ച്

- ചിത്രകഥാപുസ്തകങ്ങൾ വായിക്കുന്നു.
- നവമാധ്യമത്തിൽ പങ്കിടുന്നു

# ഗണിതം

## ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് നാനാ ഗണിത പ്രവർത്തനങ്ങൾ നേടുകയായി കുട്ടി ഇനി കൊടുക്കേണ്ടതിലേക്ക്. ജീവിതത്തിൽ ഓരോ വ്യക്തിയും ചെയ്യുന്ന കാര്യങ്ങളാണ് ഗണിത പ്രവർത്തനങ്ങൾ. ഗണിതം ഇല്ലാതെ ജീവിതത്തിൽ ഒന്നുമില്ല എന്നുതന്നെ പറയാം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യമാക്കാവുന്നതാണ്. അങ്ങനെ പഠനത്തിൽ ഒന്നായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

- 1 മുതൽ 5 വരെ സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു
- 5 വരെയുള്ള എണ്ണത്തെ പാട്ടിലൂടെ, ചിത്രം, കളികളിലൂടെ, കഥ എന്നിവയെ വിശദീകരിക്കുന്നു.
- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.
- 9 ൽ താഴെയുള്ള സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- ഒരക്ക സംഖ്യ എണ്ണാനും വായിക്കാനും കഴിയുന്നു.
- ആരോഹണ, അവരോഹണ ക്രമത്തിലെഴുതുന്നു.

- രണ്ട് രണ്ടക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
- ഒരക്ക സംഖ്യ വിഘടനം

3+2

5 — 2+3

4+1

- ഒരക്ക സംഖ്യാ പാറ്റേൺ രൂപീകരിക്കൽ
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടെ 1 മുതൽ 20 വരെ സംഖ്യാബോധം, പ്രശ്ന നിർധാരണം ചെയ്യുന്ന കഴിവ് നേടൽ

## പഠനപ്രവർത്തനങ്ങൾ

### ജൂൺ

- സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- സംഖ്യകൾ തിരിച്ചറിഞ്ഞ് പറയൽ
- ചിത്രങ്ങൾ എണ്ണി പറയൽ

## ജൂലൈ

- ഗണിത പഠനത്തിന് സഹായകരമായ രീതിയിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കൽ
- സംഖ്യകൾക്കനുസരിച്ച് ചിത്രങ്ങൾ വരച്ച് സംഖ്യാ കാർഡുകൾ

## ഓഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയാൻ പ്രവർത്തനങ്ങൾ
- ചെറിയ സംഖ്യ വലിയ സംഖ്യ തിരിച്ചറിയൽ
- കൂടുതൽ കുറവ് തിരിച്ചറിയൽ
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

## സെപ്റ്റംബർ

- സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
- ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്താൻ
- ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ് സംഖ്യാ ഗാനം

## ഒക്ടോബർ

- ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകൾ, ഒറ്റ ഇരട്ട സംഖ്യകൾ തിരിച്ചറിവ്
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

- സംഖ്യാ ഗാനങ്ങൾ പാടി രസിക്കൽ
- ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യമാക്കൽ

## ഡിസംബർ

- സംഖ്യകൾ അവരോഹണ, ആരോഹണ ക്രമത്തിൽ എഴുതൽ
- ഗണിത ആൽബം തയ്യാറാക്കൽ
- സംഖ്യകളെ സന്ദർഭിയാക്കൽ (worksheet)

## ജനുവരി

- ഒറ്റക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ

$10 - 1 = 9$

$10 - 2 = 8$


$10 - 3 = 7$

$10 - 4 = 6$

$10 - 5 = 5$

സങ്കലനം, വ്യവകലനം (+, -) ചിഹ്നങ്ങൾ തിരിച്ചറിയുന്നതിനുള്ള കഴിവ് നേടുന്നു.

- സംഖ്യാ വ്യാഖ്യാനത്തിൽ കഴിവ് നേടുന്നു




## ഫെബ്രുവരി

- സംഖ്യാഗാനങ്ങൾ, ഉല്ലാസഗണിത പ്രവർത്തനങ്ങൾ

## മാർച്ച്

- വിലവിവരപ്പട്ടിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.
- മഞ്ചാടി കിറ്റ്, ഗണിതാത്മക പാട്ടുകൾ, ആൽബം, CPTA പ്രദർശനം

# English

## Aim

- To speak, ~~and~~ read and write english without any mistakes

## June

- Pre test
- To develop listening skills and reading skills first
- listening skills, games, action songs, hello english activities, Conversation, skit, stories etc.
- Speaking skills
- Descriptions, growing sentences, picture reading, Introduction

assembly activities.

## July

- Reading skills
  News paper reading
  library book reading

## August

- Collect and read past tense words, rhyming words, textbook activities.

## September

- Make word web

## October

- Picture description

## November

- Word chain sentence
- Hello english activities

## December

- Making riddles

## January

- Making Simple Conversation

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - 2

## 2025-26

# ENGLISH

Aim: To speak, Read write English without any mistakes

Time: June, July, August

| | |
|---|---|
| June | 1. Pretest<br>To develop listening skills & reading skills first<br>Listening skills<br>Games, Action songs, Hello English Activity, conversation, skit, stories<br>use ICT<br>Speaking skills<br>Descriptions, growing sentences, picture reading, picture description<br>self introction Assembly activities speech, book review, quiz<br>riddles, self introduction School radio etc. |

| | |
|---|---|
| July<br>August | **Reading Skills**<br>News paper reading, library books, book review, reading breaking news, find words, collect and read past tense, rhyming words, describing words etc. Textbook Activities.<br><br>**Writing Skills**<br>Make word web, picture description, word chain, sentence chain, make words and sentences, make riddles, conversation, Add more lines, develop story, description, notice proclamation, diary, letter, Announcement magazines. |
| | |

## മലയാളം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ഇക്കൊല്ല 'മാസ്റ്റർപ്ലാൻ' തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികാസങ്ങൾ നൽകി-ക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും മികവുകൾ നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം എന്നതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളുടെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാകുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

## മുന്നൊരുക്കം

* പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
* കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നോക്കക്കുട്ടിക്ക് പഠിക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

| | |
|---|---|
| ജൂൺ | 1. ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)<br>2. ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ<br>3. വായനാ സാമഗ്രികൾ നിർമിക്കൽ<br>4. വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ. |

| | |
|---|---|
| ജൂലൈ | 1. ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.<br>2. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>3. സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. |
| ആഗസ്റ്റ് | 1. ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>2. രക്ഷിതാക്കളുടെ സഹായം ഉറപ്പു വരുത്തൽ<br>3. വീട്ടു ലൈബ്രറി ഒരുക്കൽ<br>4. ചിത്ര വിവരണം<br>5. വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു. |
| സെപ്റ്റംബർ | 1. വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>2. വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ<br>3. വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ<br>4. വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ |
| ഒക്ടോബർ | 1. കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം<br>2. വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.<br>ഉദാ : ആന, വലിയ ആന, കറുത്ത വലിയ ആന |
| നവംബർ | 1. കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു. |
| ഡിസംബർ | 1. ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>2. ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം |
| ജനുവരി | ~~1. [illegible]~~<br>1. വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം<br>2. ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുള്ള അവസരം ഒരുക്കൽ |

| | | |
|---|---|---|
| ഫെബ്രുവരി | : | 1. എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ<br>2. കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം (വായന, ലേഖനം, എഴുത്ത്) |
| മാർച്ച് | : | 1. വ്യക്തിഗത വായനയെ പ്രോത്സാഹിപ്പിക്കൽ.<br>2. ഇൻലന്റ് മാസിക ഓരോ കുട്ടിക്കും തയ്യാറാക്കൽ<br>3. ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ കൈയ്യെഴുത്ത് മാസിക, മാസികകൾ തയ്യാറാക്കൽ<br>4. വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ<br>5. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ |

## ഗണിതം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് 'ഉല്ലാസഗണിതം' പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗസഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ :

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, പ്രശ്നപരിഹാരം, സങ്കലനം, വ്യവകലനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
* സംഖ്യാ ബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100ന് താഴെ)
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

മുന്നൊരുക്കം :

* ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം :

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

| | |
|---|---|
| ജൂൺ : | 1. 1, 2, 3, 4 ...<br>1, 3, 5, 7 ...<br>10, 20, 30, 40 ...<br>5, 10, 15, 20 ...<br>2, 4, 6, 8, 10 ... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ<br>2. ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ |
| ജൂലൈ : | 1. ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ<br>2. ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.<br>3. പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.<br>(5+5 = 10, 10+10 = 20) |
| ആഗസ്റ്റ് : | 1. വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>2. സംഖ്യകളുടെ [illegible] പ്രത്യേകതകൾ കണ്ടെത്തൽ<br>99 നോട് 1 കൂട്ടിയാൽ 100. |

10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നാൽ 100 ആകും
3. ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

**...പ്റ്റംബർ** :
1. ഗണിതത്തിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
2. വിലവിവരപട്ടിക തയ്യാറാക്കൽ
3. ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിൽ മനസിലാക്കുന്നു.

**...ക്ടോബർ** :
1. രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.
2. സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
3. സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ പാറ്റേണിലെ സംഖ്യകൾ തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടാക്കൽ
4. 5, 10, 15, 20, 25 (5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

**...ംബർ** :
1. സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
2. പ്രായോഗിക പ്രശ്ന പരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ ഉപയോഗിച്ച് വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
3. 'ക്ലാസിനൊരു' കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
4. നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിചേർത്ത് സംഖ്യ രൂപീകരിക്കൽ
10 രൂപ + 5 രൂപ = 15 രൂപ
നോട്ട് നാണയം.

**...സംബർ** :
1. സംഖ്യാ ബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉണ്ടാക്കൽ
2. സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി അബാക്കസ്, സ്ഥാനവില പോക്കറ്റ്, നിർമിക്കൽ)
3. രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

**...വരി** :
1. വിലവിവരപ്പട്ടിക തയ്യാറാക്കൽ വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ
2. സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

| | |
|---|---|
| ഫെബ്രുവരി | 1. ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ<br>2. ഉല്ലാസ ഗണിതം മെറ്റീരിയൽ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ, ഗണിത പഠനം കളിരൂപത്തിൽ ആവിഷ്കരിച്ച് വിജയം കൈവരിക്കൽ |
| മാർച്ച് | 1. കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>2. കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്, മാസങ്ങളുടെ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.<br>3. കലണ്ടറിൽ സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ<br>4. കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ<br>5. ഗണിതാശയങ്ങൾ പ്രായോഗിക പ്രവർത്തനങ്ങളിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ്സ്- 3

2025-26

# ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ നേടിയെടുക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കൂട്ടിച്ചേർത്തുകൊണ്ടാണ് ഗണിതപഠനം ഈ രീതിയിൽ മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്നവിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തി ചിന്ത, വിശകലനാത്മക ചിന്ത, പ്രശ്ന പരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുത്തുന്നതിന് ജ്യാമിതി സഹായകമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കു വഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ

പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിൽ അതിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ പഠനം ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകൂടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസ്സിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഃഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാനുള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ശൂന്യ വസ്തുക്കൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ശൂന്യ ചിന്തയോടൊപ്പം ശൂന്യ ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രവർത്തനങ്ങൾ

* ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
* ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിയൽ രേഖപ്പെടുത്തൽ
* തോരണം നിർമ്മാണം, തോണി നിർമ്മാണം (കളർ ഷീറ്റ്)
* വെജിറ്റബിൾ പ്രിന്റിംഗ്
* ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു
* ഓരോ കുട്ടിക്കും കണക്കുപെട്ടി ഗണിത ശില്പശാല നിർമ്മിക്കേണ്ടതാണ്.

* 1 മുതൽ 100 വരെ എഴുതിയ ടോക്കൺ
* കളിനോട്ടുകൾ
* ഓരോ നോട്ടുകളും 10 എണ്ണം വീതം കെട്ട് കെട്ടുകൾ
* സംഖ്യാ സ്ട്രിപ്പുകൾ
* അബാക്കസ് നിർമ്മാണം
* സംഖ്യാ സ്ട്രിപ്പുകൾ
* പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം
* സ്കെയിൽ നിർമ്മാണം
* കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം
* ഗുണന വസ്തുത കാർഡ് നിർമ്മാണം.

# പരിസര പഠനം

ലക്ഷ്യം - 1

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
* ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക

പ്രവർത്തനങ്ങൾ

ജൂൺ - ഒക്ടോബർ

പ്രകൃതി നടത്തം

ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.

വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം

ജീവികളുടെ പരസ്പരാശ്രയത്വം

നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം

പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ

മനസ്സിലാക്കാൻ

ചർച്ച- തെറ്റും ശരിയും

ജൂൺ - മാർച്ച്

പൂന്തോട്ടം ഒരുക്കൽ - തൈ നടൽ

* സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ
* വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ
* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ
* നട്ട വൃക്ഷത്തൈ പരിപാലിക്കൽ

ജൂൺ

പോസ്റ്റർ നിർമ്മാണം

* പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ
* പരിസരങ്ങളിൽ പതിക്കൽ

മാർച്ച് - മെയ്

ദാഹജലം

* പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം

ലക്ഷ്യം :- 2

* കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

പ്രവർത്തനങ്ങൾ

ജൂൺ - മാർച്ച്

ദിനകൃത്യങ്ങൾ

* ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.
* കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു.

ജൂലൈ - മാർച്ച്

നമ്പർ വൺ

* ക്ലാസ് തലത്തിൽ ശുചിത്വ മത്സരം
* വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനമാക്കി മാർക്ക് നൽകുന്നു.

ജൂൺ - ഡിസംബർ

പരിസര നടത്തം

* നമ്മുടെ പരിസര മലിനീകരണ പ്രശ്നം അടുത്തറിയാം.
* മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.
* പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

ജൂലൈ - മാർച്ച്

നല്ല ശീലം

* പോസ്റ്ററുകൾ തയ്യാറാക്കാം
* പരിസരത്തിൽ പതിക്കാം.

ലക്ഷ്യം:- 3

* ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

പ്രവർത്തനങ്ങൾ

ജനുവരി - മാർച്ച്

ഫീൽഡ് ട്രിപ്പ്

* നമ്മുടെ നാടിന്റെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.

(കുളം, വയൽ, കാട് etc)

ഡിസംബർ - ഫെബ്രുവരി

പരീക്ഷണങ്ങൾ

* ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ - ഫെബ്രുവരി

ശാസ്ത്രജ്ഞരോടൊപ്പം

* ക്ലാസ്
* വിദഗ്ധ ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു.

ജനുവരി - മാർച്ച്

പക്ഷി നിരീക്ഷണം

* ക്ലാസ്
* പക്ഷി നിരീക്ഷണത്തിന് അവസരം

# English

Aim:- To speak, Read & write english without any mistakes

Time:- June to March.

Pretest

To check the vocabulary and writing skills of pupils.

June to July

To develop listening skills & reading skills

Listening skills

* Games, Action songs, Hello English activities
* Conversation, skit, Stories use ICT.

Speaking skill

* Identify the naming words from the picture.

* Identify the action words from the same pictures.
* Make simple words and sentence using the action words.
* Make symbol description about the picture

## Activities

speech, book review, riddle, self introduction, school radio etc

## August and september

Develop the creative speaking and writing.

## Reading skill

* Find words
* collect and read past tense
* Rhyming words
* Describing words etc
* Text book activities

## writing skills

* make word web
* word chain sentence chain
* Make riddle conversation
* Add more lines

## Activities

speech, Book review, quiz, riddle, make description make a event then writing story.

## October and November

To express thoughts Feeling etc.

## Reading skill

News paper reading

conversation, skit

Reads breaking news

* Read breaking News
* Reads letters from friends.

Writing skill

* Diary
* Letter
* Announcement

Activities

speech, quiz, riddles, school radio make magazines, skits, classroom etc.

February and March

To improve the presentation power

Reading skill

* conversations, skit stories use ICT materials
* Develop story
* Make new books for reading.

* Reads diary
* Reads letters from friend
* Reading extra short story books.

### writing skills

* Diary
* Announcement
* Letter
* Description
* Thought
* Notice proclamation

### Activities

speech, quiz, riddles, school magazines, skits, exbibition etc.

# മലയാളം

### ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും

* സാമൂഹ്യപ്രവർത്തനത്തിലേർപ്പെട്ട് ആർജിച്ച മൂല്യങ്ങൾ സ്വാംശീകരിക്കും അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും
* കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും
* രചനകൾ ഭാവാത്മകമായി വായിക്കും
* ആസ്വദിച്ച സാഹിത്യഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും
* ലഘുവായ സർഗാത്മക രചനകൾ നടത്തും (കഥ, കവിത, ഡയറി, ചിത്രം)
* കഥകളെയും കവിതകളെയും മറ്റു നാടകം, പാവനാടകം, ചിത്രീകരണം, വീഡിയോസ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

## ജൂൺ - ജൂലായ്

### കനകച്ചിലങ്ക

* നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉൾപ്പെടെ)
* പഴഞ്ചൊല്ലുകൾ ശേഖരണം
* കഥാശേഖരണം - ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
* നാടൻ പാട്ടിലെയും കവിതയിലെയും താളം
* കഥോത്സവം
* കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥാപ്പയ
* കഥയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖ സംഭാഷണം
* കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം
* പാവ നാടകത്തെ അറിയാം - ശില്പശാല

## ആഗസ്റ്റ് - സെപ്തംബർ

### പലഹാരപ്പൊതി

* കുട്ടികൾ വരച്ച ചിത്രങ്ങളുടെ പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ
* ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കൽ
* നാടക ശില്പശാല
* ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
* പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ ചേരുവകൾ മാതൃകകൾ
* ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
* സ്കൂൾ പത്രം
* വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കണം

## ഒക്ടോബർ

### മനുഷ്യന്റെ കൈകൾ

* കൃഷിയിടം സന്ദർശനം
* കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ ശേഖരണം
* നാടൻപാട്ട് ശില്പശാല
* നാടൻപാട്ട് ദൃശ്യാവിഷ്കാരം
* വായ്ത്താരി ശേഖരണം
* കുട്ടിക്കളികൾ - കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം
* പതിപ്പ്

## നവംബർ - ഡിസംബർ

### അപ്പൂപ്പൻതാടി

* വേനൽക്കാല അനുഭവം, രചന
* വേനൽ ചിന്തകളുടെ പ്രദർശനം
* കവിതാലാപനം
* ഭാവാത്മക രചന
* കവിതാലാപനം
* നാടൻപാട്ട് അവതരണം
* യാത്രാനുഭവക്കുറിപ്പ്
* ഫാം ടൂർ
* റോൾ പ്ലേ - ഭൂമിയിലെ വിരുന്നുകാർ
* കഥാ രചന കഥയ്ക്കനുസരിച്ചുള്ള ചിത്രവര

## ജനുവരി - ഫെബ്രുവരി

### നമ്മളൊന്ന്

* ആശംസാവാക്യങ്ങൾ
* കത്ത്
* പോസ്റ്റർ - ആശംസ
* റോൾ പ്ലേ
* പാവ നാടകം
* കവിതാപാരായണം
* പുതിയ പദങ്ങൾ - അക്ഷരമാലാക്രമത്തിൽ
* കവിതയ്ക്കു ചേർന്ന ചിത്രം, കുറിപ്പ്
* ചെടി നമ്മെ പഠിപ്പിക്കുന്നത്
* കവിത ചൊല്ലൽ - സ്വന്തം രചന
* കത്ത് - ജീവികളുടെ സങ്കടം
* കുട്ടിപ്പാട്ട്
* സ്വന്തം കവിത ചൊല്ലൽ
* ചിത്രീകരണം
* പോസ്റ്റർ

## മാർച്ച്

### മാനത്തോളം

* അനുഭവക്കുറിപ്പ്

* മാജിക് ഷോ അറിയിപ്പ്
* കവിത ചൊല്ലൽ
* മാജിക് അവതരണം
* പ്രകൃതിയിലെ അദ്ഭുതങ്ങൾ - രചന
* കാന്ത്
* സ്വന്തം കവിത. രചന, അവതരണം
* പോസ്റ്റർ

# അക്കാദമിക്
# മാസ്റ്റർ പ്ലാൻ
## ക്ലാസ്സ് - 4

2025 - 26

# ലക്ഷ്യം

നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും, പരിസരപഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

## പൊതു തത്വങ്ങൾ

* കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
* സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം
* സാമൂഹികവും പരിസ്ഥിതികവുമായ അവബോധം വളർത്താൻ
* സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
* കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നതുവരെ | Class teacher | PTA ഫണ്ട് |
| ആവിഷ്കാര പഠന സാമഗ്രികൾ ഒരുക്കൽ | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ | ” | ” |
| Class വായന, Class library, ഒരുക്കൽ പുസ്തക പരിചയം | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക പരിചയം | | CPTA | | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | പ്രതിമാസം (വർഷം മുഴുവൻ) | Class teacher | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | ആവശ്യാനുസരണം | Class teacher | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | ആവശ്യാനുസരണം | Class teacher | |
| രുചിച്ചറിയാം | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | വർഷത്തിലൊരിക്കൽ | ” | |
| ഭക്ഷ്യമേള, പാചകക്കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം – ആദരിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മദിനങ്ങൾ ആചരിക്കൽ | ആവശ്യാനുസരണം. | Class teacher | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ഫോട്ടോ പ്രദർശനം ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം. പ്രദർശനം | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമഗ്രി |
|---|---|---|---|---|
| കലാക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ തിരിച്ചറിയൽ | വർഷത്തിലൊന്ന് | Class teacher | |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നാടിന്റെ ശേഷികൾ അതാത് വിദ്യാലയങ്ങളിലൂടെ അവതരിപ്പിക്കൽ/പ്രദർശനം (സംഗീതോപകരണം, കലാവസ്ത്രങ്ങൾ, കലാ ഉപകരണങ്ങൾ. ചിത്രങ്ങൾ (പ്രദർശനം) | | വർഷത്തിലൊരിക്കൽ | Class teacher | |
| കുട്ടികളുടെ സർഗ്ഗശേഷിയുടെ പ്രദർശനം. | | | | |

2. വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമഗ്രി |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി കൈവരിക്കാൻ | ആഴ്ചയിൽ ഒരു ദിവസം (വർഷം മുഴുവൻ) | Class teacher | |
| അസംബ്ലി ചോദ്യം (നിയന്ത്രണം കുട്ടികൾക്ക്) | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ആഴ്ചയിൽ രണ്ട് ദിവസം | " | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകത പരിപോഷിപ്പിക്കൽ | മാസത്തിലൊന്ന് | " | |
| Skit, Drama, Conversation, Story Telling | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മക രചനാശേഷി വികസനം | മൂന്ന് മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഫെസ്റ്റിവൽ | ഇംഗ്ലീഷ് ഭാഷയിലൂടെ രചനാ മികവ് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സഹായം |
|---|---|---|---|---|
| ഇംഗ്ലീഷ് [illegible] | ഇംഗ്ലീഷ് ഭാഷയിലുള്ള അറിവ് | [illegible] | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | ക്ലാസ്സുകളിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ് ലൈബ്രറി ശക്തിപ്പെടുത്തൽ ക്ലാസ്സിൽ വായനാമൂല ഒരുക്കൽ, വായനാവേള ഒരുക്കൽ വായനാക്കുറിപ്പ്. പുസ്തക പരിചയം | | | | |
| പുസ്തക പരിചയം | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | വർഷത്തിൽ ഒന്ന് | SRG, Class teacher | PTA |
| വായനാ ഉത്സവം, രചനാ മത്സരം മറ്റ് സർഗാത്മക പ്രവർത്തനങ്ങളും അവതരണം | | | | |

3. കളിക്കാം ... ഗണിതം (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സഹായം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ | വർഷം മുഴുവൻ | Class teacher | |
| മൂല്യനിർണയം (എണ്ണിയും ചാടിയും, ഡയസ് കളി, സങ്കലനം, വ്യവകലനം, കച്ചവടങ്ങൾ) | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കര ചലന ശേഷി വികാസം | വർഷത്തിലൊരിക്കൽ | Class teacher | |
| ഗണിത ലാബ് | ഗണിത പഠനം സുഗമമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Class teacher | |
| ഗണിതച്ചുവർ | ഗണിതശാസ്ത്രങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | " | " | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | | |
| ഗണിതമേള | ഗണിത കഴിവുകളുടെ പ്രകടനം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ. പഠന ഉപകരണങ്ങളുടെ പ്രദർശനം | | | | |

4. അറിയാം... അടുത്തറിയാം (പരിസരപഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം - അറിവ് നിർമാണം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ ക്ലിപ്പുകൾ സമാഹരിപ്പിക്കൽ | | | | |
| ശാസ്ത്രമേള | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കാൻ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ അന്വേഷണാത്മകത വളർത്തൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൂപടനിർമ്മാണം | ഭൂപട വായന കൂടാതെ രചന, സൂചിക പരിചയപ്പെടൽ, സൂചിക നിർമ്മാണം, തുടങ്ങിയ | വർഷത്തിലൊരിക്കൽ | Class Teacher | |
| കേരളം - ഇന്ത്യ - ഭൂപട വായന | | | | |
| [illegible] | | | | |
| [illegible] | | | | |

വിഷയം - അറബിക്
ക്ലാസ് - I, II

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടം ജനിപ്പിക്കുകയും സംസാരിക്കാനുള്ള താല്പര്യം ഉണ്ടാക്കുകയും ചെയ്യുക. | • E-Text ഉപയോഗിച്ച് അറബിയുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>• ദൃശ്യ രൂപങ്ങൾ പ്രദർശിപ്പിക്കുക.<br>• ക്ലാസിൽ അറബി സംഭാഷണം അവതരിപ്പിക്കുക.<br>• Language Games | ജൂൺ – മാർച്ച്. | അധ്യാപകർ<br>അറബി ക്ലബ് |
| അക്ഷര രൂപ വ്യത്യാസം മനസ്സിലാക്കുക | • അക്ഷര വായന<br>• ക്ലാസ് വായന<br>• ചിത്ര വായന<br>• അക്ഷര കാർഡുകൾ ഉപയോഗിച്ച് വിവിധ തരം കളികൾ. | ജൂൺ – മാർച്ച് | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവ്<br>എല്ലാം അക്ഷരങ്ങളും ചിഹ്നങ്ങളോട് കൂടി എഴുതാനുള്ള കഴിവ് വളർത്തുക<br>ലളിതമായ പദങ്ങൾ എഴുതുവാനുള്ള കഴിവ് ഉണ്ടാക്കുക. | ഇ വായന<br>ചിഹ്നങ്ങൾ ഉപയോഗിച്ച് പദങ്ങൾ കൂട്ടി എഴുതാൻ പരിശീലിപ്പിക്കുക.<br>അക്ഷര കാർഡ് നിർമ്മാണം. | ജൂൺ - മാർച്ച് | |

ക്ലാസ് - 3,4

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മ വിശ്വാസം വളർത്തിയെടുക്കുക. | • E Text ഉപയോഗിച്ച് അതിലൂടെ സംഭാഷണം കേൾപ്പിക്കുക<br>• ക്ലാസിൽ അറബി സംഭാഷണം അധികരിപ്പിക്കുക<br>• ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക.<br>• സ്കിറ്റുകളുടെ അവതരണം<br>• Language Games | ജൂൺ - മാർച്ച് | അധ്യാപകൻ അറബിക്. |
| ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക | • ലൈബ്രറി വായന<br>• ചിത്രകഥ വായന<br>• വായന<br>• വായന മത്സരങ്ങൾ<br>• ഇ. വായന | | |

| | | | |
|---|---|---|---|
| സ്വതന്ത്രമായി വായിക്കാനുള്ള കഴിവ് നേടിയെടുക്കുക.<br>ചെറു വാക്യങ്ങൾ എഴുതാനുള്ള കഴിവുകൾ വളർത്തിയെടുക്കുക | വിശേഷ ദിവസങ്ങളിൽ വായന മത്സരങ്ങൾ നടത്തുക.<br>ഇ- വായന | ജൂൺ - മാർച്ച് | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | |
|---|---|---|
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാരവാക്കുകൾ നിത്യജീവിതത്തിൽ സന്ദർഭത്തിനനുസരിച്ച് ഉപയോഗിക്കുന്നു. | |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അസംബ്ലിയിലൂടെ ആശംസാകാർഡുകൾ നിർമിച്ച് ചെറിയ വിവരണങ്ങൾ നൽകുന്നു. | |
| മാഗസിൻ നിർമാണം | ചിത്രങ്ങൾ, അക്ഷരങ്ങൾ, പദങ്ങൾ, ഉപചാര വാക്കുകൾ കഥ, കവിത ശേഖരിച്ച് ഉൾപ്പെടുത്തി മാഗസിൻ നിർമ്മാണം | |

അറബിക്

## മത്സരങ്ങളുടെ ലോകം

മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് അറബിക് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

ഉദാഹരണം

- ക്വിസ്
- പദനിർമ്മാണം
- കഥ പറയൽ
- കവിത ചൊല്ലൽ
- കൈയെഴുത്ത്
- പദപ്പയറ്റ്